

## സഹയാത്രികർ

■ **അബൂഫിദൽ**

# സ്വവർഗരതിക്കെതിരെ

**സ്വവർഗരതി**യെ ക്രിമിനൽ കുറ്റമായി കാണുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 377-ാം വകുപ്പ് എടുത്തു കളയാനുള്ള ദൽഹി ഹൈക്കോടതി വിധിക്കെതിരെ മുസ്‌ലിം സംഘടനകൾ ഒന്നടങ്കം പ്രതിഷേധവുമായി രംഗത്തു വരികയുണ്ടായി. ആ പ്രതിഷേധങ്ങൾ പ്രതിഫലിപ്പിക്കുന്നതായിരുന്നു അതിനു ശേഷമുള്ള ഏതാണ്ടെല്ലാ മുസ്‌ലിം ആനുകാലികങ്ങളും. അതിന്റെ അല ഇനിയും അടങ്ങിയിട്ടില്ല. അക്കൂട്ടത്തിൽ ശ്രദ്ധേയമായ ഒന്നാണ് 2009 സെപ്റ്റംബർ ലക്കം *സ്നേഹ സംവാദം* മാസിക. 'സ്വവർഗാനുരാഗം ജനിതകമോ വൈകൃതമോ' (എം.എം അക്ബർ), 'സ്വവർഗരതീ ചരിത്രം; വർത്തമാനത്തിനുള്ള പാഠം' (അബൂ അത്വീഫ്), സ്വവർഗ ലൈംഗികത: പ്രകൃതിയല്ല; വികൃതിയാണ് (അബൂ ഫർസിൻദ്) എന്നീ ലേഖനങ്ങൾ വിഷയത്തെ ആഴത്തിലും അക്കാദമികമായും സമീപിക്കുന്നുണ്ട്. പുതിയ ലക്കം *ആരാമ*ത്തിന്റെയും കവർ സ്റ്റോറി സ്വവർഗരതി തന്നെ. നാല് ലേഖനങ്ങളാണ് ഈ വിഷയത്തിൽ *ആരാമം* നൽകിയിരിക്കുന്നത്. ലോകപ്രശസ്ത ഇസ്‌ലാമിക പണ്ഡിതൻ താരിഖ് റമദാന്റെ ഈ വിഷയകമായ ലേഖനം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട് (സ്വവർഗ ലൈംഗികത, ഇസ്‌ലാം, യൂറോപ്പ്). സ്വവർഗ ലൈംഗികതയെ അംഗീകരിക്കാത്തതിനാൽ ഇസ്‌ലാമിനെ പടിക്കു പുറത്തുനിർത്തുന്ന യൂറോപ്യൻ ലിബറൽ പുരോഗമന ബോധത്തിനെതിരായ ശക്തമായ വിമർശനമാണ് റമദാൻ ഉന്നയിക്കുന്നത്. 'ആധുനിക ലോകത്തേക്ക് പ്രവേശനം കിട്ടണമെങ്കിൽ വിശുദ്ധ ഖുർആനെ തള്ളിപ്പറഞ്ഞ് സ്വവർഗ ലൈംഗികതയെ സർവാത്മനാ സ്വീകരിക്കണമെന്ന് മുസ്‌ലിംകളോട് ആഹ്വാനം ചെയ്യുന്ന വിവിധ ഗ്രൂപ്പുകളും വിഭാഗങ്ങളും ഇന്നുണ്ട്. പരമ്പരാഗത ഇസ്‌ലാമോ പരിഷ്കരണവാദ ഇസ്‌ലാമോ അതിനു മുമ്പിൽ പതറിപ്പോവില്ല. ഇമ്മാതിരി ആഹ്വാനങ്ങൾ തീർത്തും നിഷ്ഫലമാണെന്ന് മാത്രമല്ല, പുതിയൊരു തരം ഡോഗ്മാറ്റിസവും

കൊളോണിയലിസവും ആധുനികവും പുരോഗമനപരവുമായ ഈ ആഹ്വാനങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. പ്രമുഖരായ ചില ബുദ്ധിജീവികളും ലോബികളും ഇങ്ങനെ ചില രാഷ്ട്രീയ ശരികളെ നമുക്കുമേൽ അടിച്ചേൽപിക്കാൻ കൊണ്ടുപിടിച്ചു ശ്രമിക്കുന്നുണ്ട്. എല്ലാവരും തുറപ്പുള്ളവരും അയഞ്ഞവരും ആയേ പറ്റൂ എന്നതാണ് ഇവരുടെ അന്തിമവിധി'.

കഴിഞ്ഞ ലക്കം *പാഠഭേദ*ത്തിൽ ഷംഷാദ് ഹുസൈന്റെ ലേഖനമുണ്ടായിരുന്നു- 'ഖുർആൻ സ്വവർഗരതിയെ തള്ളിപ്പറയുന്നുണ്ടോ?.' സ്കോട്ട് സിറാജ് അൽഹഖ് കൂഗിളിന്റെ പഠനങ്ങളെ ആസ്പദിച്ചു കൊണ്ട് ഖുർആനികമായി സ്വവർഗരതി തെറ്റല്ല എന്ന് സമർഥിക്കുന്നതാണ് പ്രസ്തുത ലേഖനം. പ്രസ്തുത വാദത്തെ ഖണ്ഡിച്ചുകൊണ്ട് വി.എ മുഹമ്മദ് അശ്റഫിന്റെ ലേഖനം *ശബാബ്* വാരികയിൽ (2009 ഒക്ടോബർ 02).

ഇസ്‌ലാമിന്റെ സദാചാര സങ്കൽപവുമായി ഒരുനിലക്കും ഒത്തുപോവാത്തതാണ് സ്വവർഗരതി എന്ന കാര്യത്തിൽ തർക്കമുണ്ടാവില്ല. സ്വവർഗരതിയെക്കുറിച്ച ഇസ്‌ലാമിക പരിപ്രേക്ഷ്യങ്ങൾ സാമാന്യം വിശദമായും ഭംഗിയായും അവതരിപ്പിക്കാൻ ഏതാണ്ടെല്ലാ പ്രസിദ്ധീകരണങ്ങൾക്കും സാധിച്ചിട്ടുണ്ട്. അപ്പോഴും ചില ന്യൂനതകൾ ബാക്കി നിൽക്കുന്നില്ലേ? ചിലയിടങ്ങൾ ഇനിയും പൂരിപ്പിക്കേണ്ടതായിട്ടില്ലേ എന്നതാണ് ഈ ലേഖകന്റെ സംശയം.

സ്വവർഗരതിയുടെ കേവലമായ സദാചാര, പ്രകൃതി, ശാസ്ത്ര മാനങ്ങളല്ല ലൈംഗിക ന്യൂനപക്ഷ സംഘടനകളും നവസാമൂഹിക പ്രസ്ഥാനങ്ങളും ഉയർത്തിയത്. ലൈംഗികമായി വ്യത്യസ്തത പുലർത്തുന്ന ഒരാളെ/സംഘത്തെ ക്രിമിനലുകളായി കാണുന്ന ഒരു നിയമത്തിനെതിരെ ആണ് അവർ സംസാരിക്കുന്നത്. ജനാധിപത്യത്തിന്റെയും പൗരാവകാശത്തിന്റെയും സങ്കേതങ്ങളുപയോഗിച്ചുള്ള വ്യവഹാരമാണ് അവർ ഉയർത്തിക്കൊണ്ടു വന്നത്. അതിനെ ആ പരിപ്രേക്ഷ്യത്തിൽ നോക്കിക്കാണാനും വിലയിരുത്താനും ഇസ്‌ലാമികമായ ഒരു വ്യവഹാര പദ്ധതി സമർപ്പിക്കാനും ഈ വിഷയത്തിൽ വന്ന ഒരു പഠനത്തിനും സാധിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. സ്വവർഗരതി മനോരോഗമാണെന്ന് ചില പ്രസിദ്ധീകരണങ്ങൾ പറയുന്നു. മനോരോഗികളെ നാം ക്രിമിനലുകളായി കാണാറുണ്ടോ എന്ന മറുചോദ്യത്തിന് എന്താണ് ഉത്തരം പറയുക? രാഷ്ട്രീയവും മനുഷ്യാവകാശപരവുമായ ഒട്ടേറെ മാനങ്ങളുള്ള ഒരു വിഷയത്തെ കേവലമായ ശാസ്ത്രീയ യുക്തി കൊണ്ടും മതത്തിന്റെ നിയമശാസ്ത്രങ്ങൾ കൊണ്ടും മറികടക്കാൻ കഴിയില്ല. ഈ യാഥാർഥ്യം പക്ഷേ, സ്വവർഗരതി വിഷയത്തിൽ ഇടപെട്ട പണ്ഡിതന്മാരും പ്രസിദ്ധീകരണങ്ങളും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല; അഭിമുഖീകരിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. അതിനാൽ കൂടുതൽ ആഴത്തിലുള്ള അന്വേഷണങ്ങൾ ഈ വിഷയത്തിൽ ഇനിയും ബാക്കി കിടപ്പുണ്ട് എന്നർഥം.

## *രിസാല*യുടെ ഇൻവെസ്റ്റിഗേഷൻ സ്റ്റോറി!

ഗംഭീരമായൊരു ഇൻവെസ്റ്റിഗേഷൻ സ്റ്റോറിയുമായാണ് കഴിഞ്ഞ ലക്കം *രിസാല* വാരിക പുറത്തിറങ്ങിയത് (09 ഒക്ടോബർ 2009). ജമാഅത്തെ ഇസ്‌ലാമിയുടെ കീഴിലുള്ള ബൈത്തുസ്സകാത്ത്, *മാധ്യമം* ഹെൽത്ത് കെയർ, എസ്.ഐ.ഒ വിദ്യാഭ്യാസ ഫണ്ട്, സോളിഡാരിറ്റി ഫണ്ട് തുടങ്ങിയവ കോടികൾ മറിയുന്ന അഴിമതിയുടെ കേന്ദ്രങ്ങളാണത്രേ! *രിസാല*യുടെ വരികളിലൂടെ: 'രോഗചികിത്സക്കും മറ്റുമൊക്കെ *മാധ്യമം* ഹെൽത്ത് കെയറുണ്ട്. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് എസ്.ഐ.ഒ ഫണ്ടുണ്ട്. സോളിഡാരിറ്റിക്കും വിവിധോദ്ദേശ്യ ഫണ്ടുണ്ട്. ഇതിന്റെയൊക്കെപ്പുറമെയാണ്

സകാത്ത് ഫണ്ട് എന്നോർക്കണം. മുസ്‌ലിം സമുദായത്തിലെ സകാത്ത് കൊടുക്കാൻ കഴിയുന്ന അജ്ഞരായ ധനികരിൽ നിന്ന് പാവങ്ങളുടെ അവകാശം ഇസ്‌ലാമിന്റെ പേര് പറഞ്ഞ് വാങ്ങി അത് സ്വാഭീഷ്ട പ്രകാരം കൈകാര്യം ചെയ്യുന്ന ഈ രീതി കൈകാര്യം ചെയ്യപ്പെടണം. കായികമായല്ല, ആദർശപരമായി. അന്വേഷണാത്മക പത്ര പ്രവർത്തനത്തിന്റെ മൂന്നാം കണ്ണ് സകാത്ത് ഫണ്ടുകളിലേക്ക് തിരിച്ചു വെച്ചാൽ ഹർഷദ് മേത്തയും സുഖ്റാമും ലാവലിനുമൊക്കെ ഏഴാം ബഹറിന് അപ്പുറത്തേക്ക് പോവേണ്ടി വരും. അത്രയും വലിയൊരു ചക്കരക്കുടമാണ് സകാത്ത് ഫണ്ട്... മുസ്‌ലിം സമുദായത്തിന് മൊത്തത്തിൽ പേരുദോഷം വരുത്തുന്ന വലിയൊരു അഴിമതിയും കുംഭകോണവും എന്ന നിലയിൽ ഇക്കാര്യം മുസ്‌ലിം സംഘടനകൾ തുറന്നു പറയാൻ മടിച്ചതാണോ എന്നും സംശയിക്കണം. ഏതായാലും ഈ ചക്കരക്കുടം പൊട്ടിക്കണം. ചങ്കുറപ്പുള്ള മത ധാർമിക പ്രസ്ഥാനങ്ങൾ ഇത്തരം അഴിമതിക്കോട്ടകൾക്കെതിരെ രംഗത്തു വന്നില്ലെങ്കിൽ പാവങ്ങളുടെ അവകാശം നാൾക്കുനാൾ അവർക്ക് കിട്ടാതാവും'. *രിസാല* ഓപ്പൺ പേജിലാണ് എ.പി കുഞ്ഞുമുഹമ്മദ് എന്നൊരാൾ ഈ ഞെട്ടിക്കുന്ന അന്വേഷണാത്മക സ്റ്റോറി ചെയ്തിരിക്കുന്നത്. സ്റ്റോറിയുടെ മുഴുവൻ ക്രെഡിറ്റും ലേഖകന് മാത്രമാണെന്നും പത്രാധിപർക്ക് അതിൽ വിശേഷിച്ച് പങ്കില്ലെന്നും പത്രാധിപർ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്. ഏതായാലും ഹർഷദ് മേത്തയെ ഏഴാം ബഹറിലേക്ക് അയക്കുന്ന ഒരു അഴിമതിക്കഥ പുറത്ത് കൊണ്ടുവന്ന ലേഖകൻ ആള് കേമൻ തന്നെയായിരിക്കും! ആ മാസ്മരിക, അന്വേഷണാത്മക പത്രപ്രവർത്തന പ്രാഗൽഭ്യത്തെ ഓർത്തും ആദരിച്ചുമായിരിക്കണം പത്രാധിപർ, ക്രെഡിറ്റ് മുഴുവൻ ലേഖകന് തന്നെ കൊടുത്തതും.

കുശുമ്പിനും അസൂയക്കും സകാത്ത് ഉണ്ടെങ്കിൽ അതിന്റെ നിസാബ് എന്നേ തികഞ്ഞിരിക്കുന്നു എന്ന കാര്യം കൂടി പത്രാധിപർ ലേഖകനെ അറിയിച്ചാൽ നന്നാവും.

## അഹ്മദ് യാസീന്റെ വ്യക്തിത്വം

ഫലസ്ത്വീൻ വിപ്ലവ പ്രസ്ഥാനമായ ഹമാസിന്റെ സ്ഥാപകനും എക്കാലത്തെയും ഊർജസ്രോതസ്സുമാണ് ശഹീദ് ശൈഖ് അഹ്മദ് യാസീൻ. അദ്ദേഹത്തിന്റെ കൂടെ അഞ്ചു വർഷം ജയിൽ വാസമനുഷ്ഠിക്കുകയും അദ്ദേഹത്തെ പരിചരിക്കുകയും ചെയ്ത മുഹ്സിൻ അബൂ ഐത്വ എഴുതിയ ഹൃദ്യമായ കുറിപ്പ് *തേജസ്* ദ്വൈവാരിക പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരിക്കുന്നു. ആ കുറിപ്പിൽ നിന്ന്:

ശൈഖിനെ ശാരീരികമായി പീഡിപ്പിക്കുന്നതിൽ മനംനൊന്ത ഞാൻ ജയിലുദ്യോഗസ്ഥരോട് ചോദിച്ചു: 'എന്തിനു വേണ്ടിയാണീ രോഗിയായ മനുഷ്യനെ നിങ്ങൾ പീഡിപ്പിക്കുന്നത്? ഒരു വൃദ്ധനെ അടിച്ചു വേദനിപ്പിക്കുന്നതാണോ നിങ്ങളുടെ പൗരുഷം?' അവർ പറഞ്ഞു: 'ആരു പറഞ്ഞു രോഗിയാണെന്ന്? അയാളുടെ തലയും തലച്ചോറും ആരോഗ്യ പൂർണമാണല്ലോ!'

ഹമാസ് പോരാളികൾ തട്ടിക്കൊണ്ടു പോയ ഈലാദ് സൈഭൂൺ എന്ന ജൂത സൈനികനെക്കുറിച്ച് വിവരം നൽകാൻ അദ്ദേഹത്തെ നിർബന്ധിക്കുകയുണ്ടായി. തന്റെ തീവ്രമായ നിലപാടുകൾ ഇത്തിരി അയച്ചു പിടിക്കാനും അവർ ആവശ്യപ്പെട്ടു. പകരം അദ്ദേഹത്തെ ജയിൽ മോചിതനാക്കി ലോകത്ത് ഇഷ്ടമുള്ള എവിടെയും സുഖമായി ജീവിക്കാൻ വേണ്ട സൗകര്യങ്ങൾ ചെയ്തു തരാമെന്ന് അവർ വാക്ക് നൽകി. ഒരാൾക്കും കെടുത്തിക്കളയാൻ കഴിയാത്ത ആത്മധൈര്യം സ്ഫുരിക്കുന്ന വാക്കുകളിൽ അദ്ദേഹം നൽകിയ മറുപടി ഓരോ ഫലസ്ത്വീനിയുടെയും മനസ്സിന്റെ പൂമുഖത്ത് ചില്ലിട്ട് സൂക്ഷിച്ചുവെച്ചിട്ടുണ്ട്. 'ഒരു ഫലസ്ത്വീനിയാണ് ഞാൻ. ഈ

വിശുദ്ധ ഭൂമിയിലൂടെ പിച്ചവെച്ചു നടന്നവൻ. ഇവിടെവെച്ച് വീരമൃത്യു വരിച്ച് ഈ മണ്ണിൽ തന്നെ അലിഞ്ഞുചേരാൻ സദാ പ്രാർഥനാനിരതമായ മനസ്സാണ് എന്റെത്. ലോകത്ത് ഏത് സ്വർഗത്തിൽ കൊണ്ടുപോയാലും എന്റ സമുദായത്തെ ഒറ്റിക്കൊടുക്കാൻ ഞാൻ ഒരുക്കമല്ല. നിങ്ങൾ നരകതുല്യമാക്കിയ ഈ വിശുദ്ധഭൂമി തന്നെയാണ് എനിക്ക് ആ സ്വർഗത്തെക്കാളും പ്രിയപ്പെട്ടത്'.

യാസീൻ ഒരിക്കൽ ചോദിച്ചു: 'ഫലസ്ത്വീനികളുടെ പിഞ്ചുപൈതങ്ങളുടെ ഇളം ചോര മാത്രമേ നിങ്ങളുടെ ആമാശയത്തിനു പിടിക്കുകയുള്ളൂ? എന്നെ മാത്രം എന്തിന് ഈ ഭൂമുഖത്ത് ബാക്കിവെക്കുന്നു?'.

ഓരോ ഇസ്‌ലാമിക പ്രവർത്തകനും ആവേശവും ആത്മവിശ്വാസവും പകർന്നു നൽകുന്നതാണ് മുഹ്സിൻ അബു ഐത്വയുടെ കുറിപ്പ്. *അൽ മുജ്തമഇ*ൽ പ്രസിദ്ധീകരിച്ച പ്രസ്തുത കുറിപ്പ് അൻവർ അലി മുഹമ്മദ് മനോഹരമായി പരിഭാഷപ്പെടുത്തിയിരിക്കുന്നു.

**വനിതാ സംവരണം: കൺഫ്യൂഷൻ ആരു തീർക്കും?**

'പിടക്കോഴികൾ കൂവിയാൽ നാട് നന്നാവുമോ?'- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് അമ്പത് ശതമാനം സംവരണം ഏർപ്പെടുത്തിയതിനെ അതിശക്തമായി വിമർശിക്കുന്ന കവർ സ്റ്റോറിയുമായാണ് *സുന്നി അഫ്കാർ* വാരിക സെപ്തംബർ 23 ലക്കം പുറത്തിറങ്ങിയത്. ഇ.കെ വിഭാഗം സുന്നികളുടെതാണ് *സുന്നി അഫ്കാർ.* ഇ.കെ നേതാക്കളായ പിണങ്ങോട് അബൂബക്കർ, പ്രഫ. ആലിക്കുട്ടി മുസ്‌ലിയാർ എന്നിവരുടെ ലേഖനങ്ങൾ. ഒരു നിലക്കും പ്രോത്സാഹിപ്പിക്കാനോ അംഗീകരിക്കാനോ കഴിയാത്തതാണ് സ്ത്രീ സംവരണം എന്നാണ് ഇരുവരും സംശയമില്ലാതെ വ്യക്തമാക്കുന്നത്. 'നാടിന്റെ വികസനത്തിനാണ് പഞ്ചായത്തീ രാജ്. അല്ലാതെ വർഗ വികസനത്തിനല്ല. 50 ശതമാനം വനിതാ സംവരണം ഏർപ്പെടുത്തിയത് നമ്മുടെ വികസന വേഗത വീണ്ടും കുറക്കാനേ ഉപകരിക്കൂ'-പിണങ്ങോട് അബൂബക്കർ വ്യക്തമാക്കുന്നു. വനിതാ സംവരണത്തെ മാനസികമായി എതിർക്കുന്നവർ പോലും അത് തുറന്ന് പറയാത്ത സാംസ്കാരിക അവസ്ഥയാണ് നമ്മുടെ നാട്ടിൽ. ആ നിലക്ക് നോക്കുമ്പോൾ *സുന്നി അഫ്കാർ* ധീരത കാണിച്ചുവെന്ന് പറയാം. പക്ഷേ, എന്തുകൊണ്ട് വനിതാ സംവരണത്തെ എതിർക്കുന്നുവെന്ന് ശക്തമായി സമർഥിക്കാൻ ഇരു ലേഖനങ്ങൾക്കും സാധിച്ചിട്ടില്ല. കേവലമായ പ്രതിഷേധം മാത്രമായേ വായനക്കാർക്ക് തോന്നൂ. അൽപംകൂടി അക്കാദമികമായി വിഷയത്തെ സമീപിക്കാൻ കഴിയുമായിരുന്നു. ഒറ്റയടിക്ക് അമ്പത് ശതമാനം വനിതാ സംവരണം ഏർപ്പെടുത്തുമ്പോൾ സംഭവിക്കുന്ന മാറ്റങ്ങളെയും പ്രത്യാഘാതങ്ങളെയും കുറിച്ച് യഥാർഥത്തിൽ തന്നെ പഠിക്കേണ്ടതുണ്ട്. എന്നാൽ പുരോഗമന മുഖം നഷ്ടമാകുമെന്ന് ഭയന്ന് ആരും അതെക്കുറിച്ച് പറയില്ല എന്നതാണ് കാര്യം. അപ്പോഴും വലിയ കൺഫ്യൂഷൻ ബാക്കി നിൽക്കുന്നു. ഇ.കെ വിഭാഗം സുന്നികൾ വനിതാ സംവരണത്തെ എതിർക്കുമ്പോൾ തന്നെ അതിന്റെ സംസ്ഥാന നേതാവായ ഹൈദരലി ശിഹാബ് തങ്ങൾ അധ്യക്ഷനായ രാഷ്ട്രീയ പാർട്ടി വനിതാ സംവരണത്തെ സ്വാഗതം ചെയ്തിരിക്കുന്നു. അദ്ദേഹത്തിന്റെ പാർട്ടി പ്രതിനിധികളുടെ കൂടി സമ്മതത്തോടെയാണ് നിയമസഭയിൽ ബിൽ പാസായിരിക്കുന്നത്. ഈ ആശയക്കുഴപ്പം അവർ എങ്ങനെ പരിഹരിക്കും? ■